# സംഘചൈതന്യ

## നിശബ്ദരുടെ വിമോചന ശബ്ദം

**കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)**

**സംഘചൈതന്യ**

മുഖവചസ്സുകൾ



## ക്ഷമയുടെ നല്ല പാലങ്ങൾ

വളരെ സ്നേഹത്തോടും സന്തോഷത്തോടും കൂടി ജീവിച്ചിരുന്ന രണ്ട് സഹോദരങ്ങൾ തമ്മിൽ ഒരിക്കൽ ചെറിയ ഒരു കാര്യത്തിന്റെ പേരിൽ പിണങ്ങുകയുണ്ടായി. അവരുടെ ആ പിണക്കം വളരെ നാൾ നീണ്ടുപോയി. രണ്ട് കുടുംബങ്ങളും തമ്മിൽ മിണ്ടാട്ടമില്ലാതെ മാസങ്ങൾ കടന്ന് പോയി. പരസ്പരം തമ്മിൽ കണ്ടാൽ പോലും അവർ അപരിചിതരെ പോലെ അകന്ന് നിന്നു. തൊട്ട് അടുത്തായി താമസിച്ചിരുന്ന രണ്ട് കുടുംബങ്ങളെയും തമ്മിൽ വേർതിരിച്ചിരുന്നത് തരിശായി കിടന്ന കുറച്ച് സ്ഥലമായിരുന്നു. സഹോദരരിൽ ഇളയ ആൾ ആ തരിശു ഭൂമിയിൽ വലിപ്പത്തിലുള്ള ഒരു കുളം കുത്തി. രണ്ട് കുടുംബങ്ങളും തമ്മിലുള്ള വേർതിരിവായി ആ കുളം നിലകൊണ്ടു. അതോടെ അവരുടെ മക്കളും പരസ്പരം അകന്നു. കാരണം പരസ്പരം കാണുവാനായിട്ടുള്ള അവരുടെ സാധ്യതകൾ ആ കുളം മൂലം സാധ്യമല്ലാതായി.

രണ്ട് സഹോദരങ്ങളും അവരുടെ കുടുംബങ്ങളും തമ്മിൽ മിണ്ടാതെ നാളുകൾ പിന്നെയും കടന്നുപോയി. അങ്ങനെ ഇരിക്കെ ഒരു ദിവസം ജ്യേഷ്ഠന്റെ വീട്ടിലേക്ക് ഒരാൾ കടന്നുവന്നു. താൻ ഒരു മരപ്പണിക്കാരനാണെന്നും എന്തെങ്കിലും ജോലി കിട്ടുമോയെന്ന് അന്വേഷിച്ച് ഇറങ്ങിയതാണെന്നും അയാൾ അറിയിച്ചു. അപ്പോൾ ആ ജ്യേഷ്ഠ സഹോദരൻ വീടിന്റെ അകത്ത് ജോലി ഒന്നും ഇല്ലായെന്നും എന്നാൽ വീടിന് പുറത്ത് ഒരു ജോലി ഉണ്ടെന്നും പറഞ്ഞുകൊണ്ട് അയാളെ പുറത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. എന്നിട്ട് തന്റെ അനുജൻ നിർമ്മിച്ച കുളത്തിന്റെ അടുത്തായി എത്തിയതിന് ശേഷം ഇങ്ങനെ പറഞ്ഞു. ഈ കുളത്തിന്റെ അപ്പുറത്ത് കൂണുന്നത് എന്റെ അനുജന്റെ വീടാണ്. എനിക്ക് ആ വീട് കാണേണ്ട. ആയതിനാൽ പറ്റുന്നത്ര ഉയരത്തിൽ ഇവിടെ ഒരു മതില് നിർമ്മിച്ച് നൽകാമോയെന്ന് ജ്യേഷ്ഠൻ ആവശ്യപ്പെടുകയും ചെയ്തു. അതിനായി തന്റെ പറമ്പിൽ നിന്നും ആവശ്യത്തിനുള്ള മരങ്ങൾ മുറിച്ചുകൊള്ളുവാനും ജ്യേ

ഷ്ഠൻ ആ മരപ്പണിക്കാരനോട് പറഞ്ഞു. താൻ ബിസിനസ് ആവശ്യത്തിനായി ഒരാഴ്ച്ചത്തേയ്ക്ക് മറ്റൊരു സ്ഥലത്തേയ്ക്ക് പോവുകയാണെന്നും തിരിച്ച് വരുമ്പോഴേക്കും മതിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നും അയാൾ മരപ്പണിക്കാരനോട് ആവശ്യപ്പെട്ടു.

ജ്യേഷ്ഠന്റെ നിർദ്ദേശപ്രകാരം മരപ്പണിക്കാരൻ തന്റെ ജോലി ഏറ്റെടുത്തു. ഒരാഴ്ച്ചയ്ക്ക് ശേഷം തന്റെ ബിസിനസ് ആവശ്യങ്ങൾ പൂർത്തിയാക്കി മരപ്പണിക്കാരൻ നിർമ്മിച്ച മതില് കാണുവാനുള്ള ആവേശത്തോടെ ജ്യേഷ്ഠൻ വീട്ടിലേയ്ക്ക് എത്തിച്ചേർന്നു. പക്ഷേ തന്റെ വീടിന് മുൻപിലെ കാഴ്ച്ച കണ്ട് അയാൾ അമ്പരന്നു നിന്നു. താൻ നിർമ്മിക്കാൻ പറഞ്ഞ മതില് അല്ല മരപ്പണിക്കാരൻ നിർമ്മിച്ചിരിക്കുന്നത്. അതിന് പകരമായി കുളത്തിന് മുകളിലൂടെ ഒരു പാലം പണിത് വച്ചിരിക്കുന്നു. രണ്ട് വീടുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ആ പാലത്തിലൂടെ തന്റെയും അനുജന്റെയും മക്കൾ ഓടി കളിക്കുന്ന കാഴ്ച്ചയും അയാൾ കണ്ടു. ചേട്ടനെ കണ്ട അനുജൻ ആ പാലത്തിലൂടെ നടന്ന് വന്ന് ചേട്ടന്റെ കൈ പിടിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു. 'ചേട്ടനോട് എനിക്ക് നന്ദിയുണ്ട്. പെട്ടെന്നുള്ള ദേഷ്യത്തിന്റെ പുറത്ത് തരിശ്ശായി കിടന്ന സ്ഥലത്ത് കുളം കുത്തിയെങ്കിലും പിന്നീട് എനിക്ക് വല്ലാത്ത കുറ്റബോധമുണ്ടായിരുന്നു. ഇത്രയൊക്കെ ഞാൻ ചെയ്തിട്ടും ചേട്ടൻ എന്നെ കൈവിട്ടില്ലല്ലോ. ഈ പാലം പണിതതിന് നന്ദി'. ജ്യേഷ്ഠനും അനുജനും തമ്മിലുള്ള പിണക്കം അവസാനിച്ചതോടൊപ്പം അവരുടെ കുഞ്ഞുങ്ങൾ ആ പാലത്തിലൂടെ ആർത്തുല്ലസിച്ച് കളിക്കുന്നതും കണ്ടുകൊണ്ട് ആ മരപ്പണിക്കാരൻ യാത്രയാവുവാൻ തുടങ്ങി. അപ്പോൾ ജ്യേഷ്ഠൻ ഓടി വന്ന് അയാളോടായി പറഞ്ഞു. 'നിങ്ങൾ വലിയൊരു മനുഷ്യനാണ്. നിങ്ങളെ ഞങ്ങൾ ഒരിക്കലും മറക്കില്ല. കുറച്ചുകാലം കൂടി താങ്കൾ ഇവിടെ നിൽക്കാമോ. എത്ര വേണമെങ്കിലും ജോലികൾ ഞാൻ തരാം.' അപ്പോൾ മരപ്പണിക്കാരൻ സന്തോഷത്തോടെ പറഞ്ഞു 'ക്ഷമിക്കണം. ഇവിടെ നിൽക്കാൻ എനിക്ക് സന്തോഷമേയുള്ളു. പക്ഷെ എനിക്ക് പോയെ പറ്റു. ഇനിയും എനിക്ക് ഇതേ പോലെ എത്രയോ മനുഷ്യരിലേയ്ക്ക് എത്തിച്ചേരുവാനും ഇതേ പോലെ സന്തോഷത്തിന്റെയും നന്മയുടെയും പാലങ്ങൾ പണിയുവാനുണ്ട്. ആയതിനാൽ ഞാൻ പോകുന്നു.' അങ്ങനെ പറഞ്ഞുകൊണ്ട് ആ മരപ്പണിക്കാരൻ നടന്നകന്നു.

നമ്മൾ പണിതുവച്ച മതിലുകളും കുളങ്ങളുമാണ് നമുക്കിടയിൽ

ദൂരം കൂട്ടുന്നത്. പിണക്കങ്ങൾ ഉണ്ടാകുമ്പോഴും അത് പരിഹരിക്കുന്നതിനായി പരസ്പരം വിട്ട് കൊടുക്കുവാനും ക്ഷമിക്കുവാനുമുള്ള മനോഭാവമാണ് ഒരോരുത്തരിലും ഉണ്ടാകേണ്ടത് എന്ന ചിന്തയാണ് ഈ കൊച്ചു കഥ പകർന്ന് നൽകുന്നത്. പരസ്പരം ക്ഷമിക്കുമ്പോൾ വിദ്വേഷത്തിന്റെയും അരിശത്തിന്റെയും പിണക്കത്തിന്റെയും കുളങ്ങൾക്ക് മുകളിലൂടെയുള്ള നന്മയുടെയും സന്തോഷത്തിന്റെയും പാലങ്ങളാണ് നാം ഓരോരുത്തരും പണിയുന്നത്. പിണക്കങ്ങളും കലഹങ്ങളുമായി കഴിയുന്ന ആളുകളുടെ ഇടയിൽ നന്മയുടെ നല്ല പാലങ്ങൾ പണിയുവാൻ കഴിയുമ്പോഴാണ് നാം യഥാർത്ഥ മനുഷ്യരായി മാറുക. വിട്ടുകൊടുക്കുവാനും ക്ഷമിക്കുവാനുമുള്ള മനസ്സാണ് ഓരോരുത്തരിലും ഉണ്ടാവേണ്ടത്. ക്ഷമിക്കുന്നതു കൊണ്ട് തോൽക്കുകയല്ല മറിച്ച് മഹത്തരമായ വിജയത്തിന് അടിത്തറ ഒരുക്കുകയാണ് ചെയ്യുന്നത്. ക്ഷമിക്കുമ്പോൾ തോറ്റ് പോകുമെന്ന ചിന്തയാണ് പലപ്പോഴും പല പിണക്കങ്ങളും നീണ്ട് പോകുന്നതിനുള്ള കാരണം. എന്നാൽ തോൽക്കുയല്ല മറിച്ച് ജയിക്കുകയാണ് ക്ഷമിക്കുന്നതിലൂടെ സാധ്യമാകുന്നത്. വിള്ളലുകൾ വീണ ബന്ധങ്ങളിൽ നന്മയുടെ വിളക്കലുകൾ കൂട്ടിച്ചേർക്കുവാൻ നമുക്ക് കഴിയണം. അതിനുള്ള ഉത്തേജനവും കരുത്തും നൽകുന്ന വേദികളായി മാറട്ടെ നമ്മുടെ സ്വാശ്രയസംഘ കൂട്ടായ്മൾ.

പോയ വാരത്തിൽ സംഘടിപ്പിച്ച വനിതാദിനാചരണം ഉൾപ്പടെയുള്ള സംഗമങ്ങളിലും ഭിന്നശേഷിക്കാർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങളിലും ജലദിനാചരണത്തിലും ലഹരി വിരുദ്ധ ക്യാമ്പയിൻ പരിപാടികളിലും വിവിധങ്ങളായ പരിശീലനങ്ങളിലും സഹകാരികളായ ഏവരേയും നന്ദിയോടെ അനുസ്മരിക്കുന്നു. സ്വാശ്രയസംഘ കൂട്ടായമയാണ് കെ.എസ്.എസ്.എസ് പ്രവർത്തനങ്ങളുടെ അടിത്തറ എന്ന ചിന്തയിൽ സ്വാശ്രയസംഘ മീറ്റിംഗുകളിൽ പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒപ്പം വരും ദിനങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന ക്ഷേമ പ്രവർത്തനങ്ങളിലും പരിശീലനങ്ങളിലും ഏവരുടെയും ആത്മാർത്ഥമായ സഹകരണവും പിന്തുണയും പ്രതീക്ഷിക്കുന്നു.

ആശംസകളോടെ,

**ഫാ. സുനിൽ പെരുമാനൂർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.എസ്.എസ്

## കെ.എസ്.എസ്.എസ് പ്രവർത്തനങ്ങൾ വരും ദിനങ്ങളിൽ

- ജീവകാരുണ്യനിധി ചികിത്സാ സഹായ വിതരണം
- ആരോഗ്യ ദിനാചരണം
- ഭിന്നശേഷിയുള്ളവർക്കായുള്ള അവശ്യ മരുന്നുകളുടെ വിതരണം
- ഭൗമ ദിനാചരണം
- ബ്യൂട്ടീഷ്യൻ പരിശീലനം
- പാചക പരിശീലനം
- ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള സ്കൂൾ ബാഗ്ഗുകളുടെ വിതരണം
- തയ്യൽ പരിശീലനം
- ഭിന്നശേഷിയുള്ള വ്യക്തികളുള്ള കുടംബങ്ങൾക്കായുള്ള തയ്യൽ മെഷീൻ യൂണിറ്റുകളുടെ വിതരണം
- യുവകേരളം തൊഴിൽ നൈപുണ്യ വികസന പരിശീലനം
- അഥിതി തൊഴിലാളികൾക്കായുള്ള മെഡിക്കൽ കിറ്റുകളുടെ വിതരണം
- വരുമാനസംരഭകത്വ ലോൺ മേള വിതരണം
- സ്വയംതൊഴിൽ സംരംഭകത്വ വരുമാന പദ്ധതികളുടെ നടപ്പിലാക്കൽ

## തയ്യൽ മെഷീൻ യൂണിറ്റുകൾ വിതരണം ചെയ്തു




സ്വയം തൊഴിൽ സംരംഭകത്വ പദ്ധതികളിലൂടെ സ്വയം പര്യാപ്തതയ്ക്ക് അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ള വ്യക്തികളുടെ കുടുംബങ്ങൾക്കായി തയ്യൽ മെഷീൻ യൂണിറ്റുകൾ വിതരണം ചെയ്തു. പിസാഹട്ടിന്റെ സഹകരണത്തോടെ ലഭ്യമാക്കിയ തയ്യൽ മെഷീൻ യൂണിറ്റുകളുടെ വിതരണോദ്ഘാടനം തെള്ളകം ചൈതന്യയിൽ കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. റോസമ്മ സോണി നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു, ഉഷാ കമ്പനിയുടെ മോട്ടറോടുകൂടിയ തയ്യൽ മെഷീൻ യൂണിറ്റുകൾ ലഭ്യമാക്കിയത്.

## സ്ത്രീ ശക്തി വിളിച്ചോതി കെ.എസ്.എസ്.എസ് വനിതാ ദിനാഘോഷം



അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ വനിതാദിനാചരണം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച വനിതാദിന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം മിസ് കേരള 2022 ലി

സ് ജെയ്മോൻ ജേക്കബ്, കോട്ടയം ഗാന്ധിനഗർ സ്വാന്തനം ഡയറക്ടർ ആനി ബാബു, കോട്ടയം സ്നേഹക്കൂട് അഭയ മന്ദിരം ഡയറക്ടർ നിഷ സ്നേഹക്കൂട്, ഭിന്നശേഷിയെ അതിജീവിച്ച് മാതൃകയായ കുമാരി ജിലുമോൾ മാരിയറ്റ് തോമസ് എന്നിവർ സംയുക്തമായി നിർവ്വഹിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലിത്ത മാർ മാത്യു മൂലക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തോടനുബന്ധിച്ച് ഉദ്ഘാടകരായി എത്തിച്ചേർന്ന വിശിഷ്ഠാതിഥികളെ മാർ മാത്യു മൂലക്കാട്ട് പൊന്നാടയും മൊമന്റോയും നൽകി ആദരിച്ചു. വനിതകൾക്കായി സംഘടിപ്പിച്ച സ്കൂട്ടർ സ്ലോ റേസ്, പഞ്ചഗുസ്തി എന്നീ മത്സരങ്ങളോടെയാണ് ദിനാചരണത്തിന് തുടക്കമായത്. പഞ്ചഗുസ്തി മത്സരത്തിന്റെ ഉദ്ഘാടനം ഏറ്റുമാനൂർ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് എം.ജി ഗോപകുമാർ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, അസി. ഡയറക്ടർ ഫാ. സിജോ ആൽപ്പാറയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ഹൈജീൻ – ന്യൂട്രീഷ്യൻ കിറ്റുകൾ വിതരണം ചെയ്തു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ



ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഹൈജീൻ-ന്യൂട്രീഷ്യൻ കിറ്റുകൾ വിതരണം ചെയ്തു. ലയൺസ് ക്ലബ്ബ് ചങ്ങനാശ്ശേരിയുടെ സഹകരണത്തോടെ ഭിന്നശേഷിയുള്ള വ്യക്തികളുള്ള കുടുംബങ്ങൾക്ക് ലഭ്യമാക്കിയ കിറ്റുകളുടെ വിതരണോദ്ഘാടനം തെള്ളകം ചൈതന്യയിൽ കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണി തോട്ടുങ്കൽ നിർവ്വഹിച്ചു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

# ഭിന്നശേഷിയുള്ളവവർക്ക് അവശ്യമരുന്നുകൾ ലഭ്യമാക്കി കെ.എസ്.എസ്.എസ്



ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന കാരുണ്യദൂത് പദ്ധതിയുടെ ഭാഗമായി അവശ്യമരുന്നുകൾ വിതരണം ചെയ്തു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച ചടങ്ങിൽ മരുന്നുകളുടെ വിതരണോദ്ഘാടനം ഏറ്റുമാനൂർ മുനിസിപ്പൽ ചെയർപേഴ്സൺ ലൗലി ജോർജ്ജ് നിർവ്വഹിച്ചു. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആലീസ് ജോസഫ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ചിക്കാഗോ സെക്രട്ട് ഹാർട്ട് ക്നാനായ കാത്തലിക് ഫൊറോന ചർച്ചിന്റെ സഹകരണത്തോടെയാണ് ഭിന്നശേഷിയുള്ളവർക്ക് അവശ്യമരുന്നുകൾ ലഭ്യമാക്കിയത്. കോട്ടയം, എറണാകുളം ജില്ലകളിലെ ഭിന്നശേഷിയുള്ള വ്യക്തികൾക്കാണ് അവശ്യമരുന്നുകൾ വിതരണം ചെയ്തത്.

# സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി




കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ദേശീയ ഗ്രാമീണ വികസന ബാങ്കായ നബാർഡുമായി സഹകരിച്ചുകൊണ്ട് ഗ്രാമീണ

വനിതകൾക്കായി നടപ്പിലാക്കിയ ശാസ്ത്രീയ തയ്യൽ തൊഴിൽ പരിശീലന പരിപാടിയുടെ ഭാഗമായി പരിശീലനം പൂർത്തിയാക്കിയ 30 വനിതകൾക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് വിതരണ പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിതരണവും ഏറ്റുമാനൂർ മുനിസിപ്പൽ ചെയർപേഴ്സൺ ലൗലി ജോർജ്ജ് നിർവ്വഹിച്ചു. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആലീസ് ജോസഫ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. പദ്ധതിയുടെ ഭാഗമായി 60 ദിവസത്തെ ശാസ്ത്രീയ തയ്യൽ പരിശീലനം സൗജന്യമായിട്ടാണ് ലഭ്യമാക്കിയത്. പരിശീലനം വിജകരമായി പൂർത്തിയാക്കിയവർക്ക് തയ്യൽ യൂണിറ്റുകൾ ഉൾപ്പെടെയുള്ള സംരംഭങ്ങൾ തുടങ്ങുന്നതിന് നബാർഡിന്റെ സഹകരണത്തോടെയുള്ള ഇതര ക്രമീകരണങ്ങളും കെ.എസ്.എസ്.എസ് ലഭ്യമാക്കും.

## സ്വാശ്രയത്വം – അവബോധ പരിപാടിയും കർമ്മരേഖ രൂപീകരണവും നടത്തപ്പെട്ടു



പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പദ്ധതിയുടെ ഭാഗമായി സ്വാശ്രയത്വം എന്ന പേരിൽ അവബോധ പരിപാടിയും കർമ്മരേഖ രൂപീകരണവും നടത്തപ്പെട്ടു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച അവബോധ പരിപാടിയുടെ ഉദ്ഘാടനം അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജി തടത്തിൽ നിർവ്വഹിച്ചു. ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണീസ് പി. സ്റ്റീഫൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, കോട്ടയം മുനിസിപ്പൽ കൗൺസിലർ റ്റി.സി റോയി,

കെ.എസ്.എസ്.എസ് അസി. ഡയറക്ടർ ഫാ. സിജോ ആൽപ്പാറയിൽ എന്നിവർ പ്രസംഗിച്ചു. അവബോധ പരിപാടിയ്ക്കും ആക്ഷൻപ്ലാൻ രൂപീകരണത്തിനും സേവ് എ ഫാമിലി പ്ലാൻ കോർഡിനേറ്റർ നിത്യമോൾ ബാബു നേതൃത്വം നൽകി. പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ആറ് വർഷം പ്രതിമാസ ധനസഹായം ലഭ്യമാക്കി വിദ്യാഭ്യാസം, ആരോഗ്യം, വരുമാന പദ്ധതി, തൊഴിൽ നൈപുണ്യ വികസനം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ വിവിധ മേഖലകളിൽ പുരോഗതി കൈവരിക്കത്തക്ക വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്.

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് വാഹന സൗകര്യം ഒരുക്കി കെ.എസ്.എസ്.എസ്



കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി സിൽവർ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഭിന്നശേഷിയുള്ള കുട്ടികൾക്ക് വാഹന സൗകര്യം ക്രമീകരിച്ചു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പാലാ ചേർപ്പുങ്കലിൽ പ്രവർത്തിക്കുന്ന അഗാപ്പെ സെന്റർ, ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്റർ എന്നീ സ്പെഷ്യൽ സ്കൂളിലേയും പരിശീലന കേന്ദ്രത്തിലേയും വിദ്യാർത്ഥികൾക്കായാണ് വാഹന സൗകര്യം ഒരുക്കിയിരിക്കുന്നത്. കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ സി.എസ്.ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭ്യമാക്കിയ ഈക്കോ വാഹനമാണ് ഭിന്നശേഷിയുള്ള കുട്ടികൾക്ക് വീടുകളിൽ നിന്നും സ്പെഷ്യൽ സ്കൂളുകളിലേയ്ക്ക് വരുന്നതിനും തിരികെ പോകുന്നതിനുമായി ക്രമീകരിച്ചിരിക്കുന്നത്. വാഹനത്തിന്റെ വെഞ്ചരിപ്പ് കർമ്മം കോട്ടയം

അതിരൂപത മെത്രാപ്പോലിത്ത മാർ മാത്യു മൂലക്കാട്ട് നിർവ്വഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി ബിന്ദു, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, അസി. ഡയറക്ടർ ഫാ. സിജോ ആൽപ്പാറയിൽ, ഫാ. ബിബിൻ ചക്കുങ്കൽ, സിസ്റ്റർ ആൻസിലിൻ എസ്.വി.എം എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## ആരോഗ്യ അവബോധ പരിപാടിയും ഹൈജീൻ കിറ്റുകളുടെ വിതരണവും നടത്തപ്പെട്ടു



കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന കോവിഡാനന്തര പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ അവബോധ പരിപാടിയും ഹൈജീൻ കിറ്റുകളുടെ വിതരണവും നടത്തപ്പെട്ടു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച ആരോഗ്യ അവബോധ പരിപാടിയുടെയും ഹൈജീൻ കിറ്റുകളുടെ വിതരണത്തിന്റെയും ഉദ്ഘാടനം ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണീസ് പി. സ്റ്റീഫൻ നിർവ്വഹിച്ചു. ചടങ്ങിൽ അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജി തടത്തിൽ അദ്ധ്യക്ഷത വഹിച്ചു.ആരോഗ്യ അവബോധ പരിപാടിയോടനുബന്ധിച്ച് സോപ്പുകൾ, ടർക്കികൾ, ഡിറ്റർജന്റ്, മാസ്ക്കുകൾ എന്നിവ അടങ്ങുന്ന ഹൈജീൻ കിറ്റുകളും വിതരണം ചെയ്തു.

## ബ്യൂട്ടീഷ്യൻ പരിശീലനം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ബ്യൂട്ടീഷ്യൻ പരിശീലനം സംഘടിപ്പിച്ചു. സ്വയം തൊഴിൽ പരിശീലനങ്ങളിലൂടെ സ്വയം പര്യാപ്തതയ്ക്കും ഉപവരുമാന സാധ്യതകൾക്കും അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. റോസമ്മ സോണി നിർവ്വഹിച്ചു.



കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. പരിശീലന പരിപാടിയുടെ ഭാഗമായി ത്രെഡിംഗ്, ബ്ലീച്ചിംഗ്, ഫെഷ്യലിങ്, മേക്കപ്പ്, ഡ്രസ്സ് കോസ്റ്റിയൂമിംഗ്, പെഡിക്യൂർ, ഓയിൽ മസ്സാജ് തുടങ്ങിയവയിലാണ് പരിശീലനം സംഘടിപ്പിച്ചത്. ട്രെയിനേഴ്സായ ലീനാ ബിനു, മിനി ജോയി എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## ഡൗൺസിൻഡ്രോം ദിനാചരണം



മാർച്ച് 21 ലോക ഡൗൺസിൻഡ്രോം ദിനം. ശരീരത്തിലെ ക്രോമസോമുകളുടെ എണ്ണത്തിലുള്ള വ്യതിയാനത്തെ തുടർന്ന് ജനിതക വൈകല്യാവസ്ഥയിൽ ഉള്ളവരെ അനുസ്മരിക്കുന്ന ദിനം. ലോക ഡൗൺ സിൻഡ്രോം ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഡൗൺസിൻഡ്രോം ദിനാചരണം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി ബിന്ദു നിർവ്വഹിച്ചു. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജി തടത്തിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ദിനാചരണത്തോടനുബന്ധിച്ച് ഡൗൺസിൻഡ്രോം നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി സെമിനാറും കുട്ടികൾക്കായി വിവിധ കലാപരിപാടികളും, മത്സരങ്ങളും സംഘടിപ്പിച്ചു. ഡൗൺ സിൻഡ്രോം

നേരിടുന്ന കുട്ടികളും അവരുടെ മാതാപിതാക്കളും ദിനാചരണത്തിൽ പങ്കെടുത്തു.

## ജലദിനാചരണം

മാർച്ച് 22 അന്താരാഷ്ട്ര ജലദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ജലദിനാചരണം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാ



ടനം ഏറ്റുമാനൂർ മുനിസിപ്പൽ ചെയർപേഴ്സൺ ലൗലി ജോർജ്ജ് നിർവ്വഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. റോസമ്മ സോണി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജെയിംസ് കുര്യൻ, ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണീസ് പി. സ്റ്റീഫൻ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ തോമസ് കോട്ടൂർ, കെ.എസ്.എസ്.എസ് അസി. ഡയറക്ടർ ഫാ. സിജോ ആൽപ്പാറയിൽ എന്നിവർ പ്രസംഗിച്ചു. പൊതുസമ്മേളനത്തോടനുബന്ധിച്ച് ജല സംരക്ഷണ പ്രതിജ്ഞയും നടത്തപ്പെട്ടു. ദിനാചരണത്തോടനുബന്ധിച്ച് കരുതാം ജലം ഇന്നേയ്ക്കും നാളേയ്ക്കുമായി എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിന് ഡോ. റോസമ്മ സോണി നേതൃത്വം നൽകി.

## ന്യൂറോളജി മെഡിക്കൽ ക്യാമ്പ്

ഭിന്നശേഷിയുള്ളവരുടെ സമഗ്ര വികസന ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി ന്യൂറോളജി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർ ഷൈല തോമസ്, സി.ബി.ആർ കോർഡിനേറ്റർ മേരി ഫിലിപ്പ്, സി.ബി.ആർ സന്നദ്ധ പ്രവർത്തകർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ക്യാമ്പിന് ഡോ.



ഗ്രേസ്സിക്കുട്ടി മാത്യു നേതൃത്വം നൽകി. ക്യാമ്പിനോടനുബന്ധിച്ച് അവശ്യമരുന്നുകളുടെ വിതരണവും കൗൺസിലിംഗ് സേവനവും ക്രമീകരിച്ചിരുന്നു.

## പാചക പരിശീലനം




പാചക മേഖലയിലെ തൊഴിൽ നൈപുണ്യ വികസനത്തിന് അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പാചക പരിശീലനം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഏറ്റുമാനൂർ മുനിസിപ്പൽ ചെയർപേഴ്സൺ ലൗലി ജോർജ്ജ് നിർവ്വഹിച്ചു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. പരിശീലന പരിപാടിയുടെ ഭാഗമായി മുളക് ബജ്ജി, കിഴങ്ങ് ബജ്ജി, ബോണ്ട, ടൊമാറ്റൊ സോസ്, മുട്ട മഞ്ചൂരിയൻ തുടങ്ങിയവ ഉണ്ടാക്കുവാനാണ് പരിശീലനം ലഭ്യമാക്കിയത്.

## സജീവം ലഹരി വിരുദ്ധ ക്യാമ്പയിനുമായി കോട്ടയം അതിരൂപത

ലഹരി മുക്ത സമൂഹ നിർമ്മിതിയോടൊപ്പം യുവതലമുറയ്ക്ക് കരുതൽ ഒരുക്കുന്നതിനുമായി ഭാരത കത്തോലിക്കാ മെത്രാൻ സമതിയുടെ സാമൂഹ്യ സേവന വിഭാഗമായ കാരിത്താസ് ഇൻഡ്യയുടെയും കെ.സി.ബി.സിയുടെയും

കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ വിഭാവനം ചെയ്ത് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സജീവം ലഹരി വിരുദ്ധ ക്യാമ്പയിന്റെ കോട്ടയം അതിരൂപതാതല ഉദ്ഘാടനം നടത്തപ്പെട്ടു. തെള്ളകം ചൈതന്യയിൽ



സംഘടിപ്പിച്ച ചടങ്ങിൽ കോട്ടയം അതിരൂപത മെത്രാപ്പോലിത്ത മാർ മാത്യു മൂലക്കാട്ട് ക്യാമ്പയിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത ടെമ്പറൻസ് കമ്മീഷൻ ചെയർമാൻ റവ. ഫാ. മാത്യു കുഴിപ്പള്ളിയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം നാർക്കോട്ടിക് ഡി.വൈ.എസ്.പി സി. ജോൺ വിശിഷ്ഠാതിഥിയായി പങ്കെടുത്തു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ. ക്നാനായ കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് പി.എ ബാബു പറമ്പേടത്ത്മലയിൽ, അതിരൂപത ഫാമിലി കാറ്റിക്കിസ്സം കമ്മീഷൻ ചെയർമാൻ ഫാ. ബ്രസ്സൻ ഒഴുങ്ങാലിൽ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രസിഡന്റ് ടോം തോമസ് നന്ദികുന്നേൽ, ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ ഇടയ്ക്കാട്ട് ഫൊറോനാ പ്രസിഡന്റ് ജെയ്സി വെള്ളാപ്പള്ളിയിൽ, സജീവം പദ്ധതി സ്റ്റേറ്റ് കോർഡിനേറ്റർ ആൽബിൻ ജോസ് എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് ലഹരി വിരുദ്ധ പ്രതിജ്ഞയും നടത്തപ്പെട്ടു. കൂടാതെ കെ.സി.ബി.സി പ്രൊലൈഫ് ദിനത്തിന്റെ ഭാഗമായി അതിരൂപത ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ തോട്ടിലെ വെള്ളത്തിൽ വീണ് മുങ്ങിത്താണ വിദ്യാർത്ഥിയെ സാഹസികമായി രക്ഷിച്ച കടുത്തുരുത്തി സ്വദേശി ഷൈജു മാത്യു കൊച്ചുപടപുരയ്ക്കലിനെ ആദരിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും മത അധ്യാപകർക്കും സാമൂഹ്യ പ്രവർത്തകർക്കും അവബോധം നൽകിക്കൊണ്ട് ലഹരിവിരുദ്ധ ടാസ്ക്ക ഫോഴ്സിന് രൂപം നൽകുവാനും ലക്ഷ്യമിടുന്നു. സോഷ്യൽ ആക്ഷൻ, ടെമ്പറൻസ്, ഫാമിലി, കാറ്റിക്കിസം, യൂത്ത്, എജ്യുക്കേഷൻ, മീഡിയ കമ്മീഷനുകളുടെയും കെ.സി.സി, കെ.സി.ഡ

ബ്ലിയു.എ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, കെ.എസ്.എസ്.എസ് സന്നദ്ധ പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തത്തോടെയായിരിക്കും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

## അതിഥി തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഭാരത കത്തോലിക്ക മെത്രാൻ സമതിയുടെ സാമൂഹ്യ സേവന വിഭാഗമായ കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ അതിഥി തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന കോവിഡാനന്തര ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചു. കട്ടച്ചിറ പൊന്മാങ്കൽ കളിമൺ വ്യവസായ സ്ഥാപനത്തിലെ അതിഥി തൊഴിലാളികൾക്കായാണ് ബോധവൽക്കരണ പരിപാടിയും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചത്. സൗജന്യ പരിശോധനയും മരുന്നുകളുടെ വിതരണവും ക്യാമ്പിനോടനുബന്ധിച്ച് നടത്തപ്പെട്ടു. എഴുപത്തിയഞ്ചോളം അതിഥി



തൊഴിലാളികൾ ക്യാമ്പിൽ പങ്കെടുത്തു

## സ്വയം തൊഴിൽ സംരംഭകത്വ പ്രവർത്തനങ്ങൾക്കായി ലോൺ മേള സംഘടിപ്പിച്ച് കെ.എസ്.എസ്.എസ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന ചൈതന്യ സംരംഭക നിധി സ്വയം തൊഴിൽ സംരംഭകത്വ ലോൺ മേളയുടെ വിതരണോദ്ഘാടനം നടതപ്പെട്ടു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച ചടങ്ങിൽ കോട്ടയം അതിരൂപത മെത്രാപ്പോലിത്ത മാർ മാത്യു മൂലക്കാട്ട് ലോൺ മേളയുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജി തടത്തിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം നാർക്കോട്ടിക് ഡി.വൈ.എസ്.പി സി. ജോൺ, കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ്

ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, കോട്ടയം മുനിസിപ്പൽ കൗൺസിൽ റ്റി.സി റോയി, കെ.എസ്.എസ്.എസ് കോർഡിനേറ്റർ മേഴ്സി സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു. തൊഴിൽ നൈപുണ്യ വികസനത്തോടൊപ്പം സ്വയം



തൊഴിൽ സംരംഭകത്വ പ്രവർത്തനങ്ങൾക്കും വഴിയൊരുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ലോൺ മേളയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട അമ്പത് കുടുംബങ്ങൾക്കായി പന്ത്രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപയാണ് വിതരണം ചെയ്തത്. പശു, ആട്, കോഴി വളർത്തൽ, തയ്യൽ യൂണീറ്റ്, പലഹാര യൂണിറ്റ്, സംഘകൃഷി, പെട്ടിക്കട തുടങ്ങിയ വിവിധങ്ങളായ സ്വയം തൊഴിൽ പദ്ധതികൾ ചെയ്യുന്നതിനായാണ് ലോൺ ലഭ്യമാക്കിയത്

## പി.റ്റി.എ മീറ്റിംഗ് സംഘടിപ്പിച്ചു

ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പാലാ ചേർപ്പുങ്കലിൽ പ്രവർത്തിക്കുന്ന അഗാപ്പെ സെന്ററിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗ് സംഘടിപ്പിച്ചു. അഗാപ്പെ സെന്ററിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും പരിശീലനങ്ങളെക്കുറിച്ചും വിലയിരുത്തൽ നടത്തുകയും ഭാവി കർമ്മ പരിപാടികൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി അസി. ഡയറക്ടർ ഫാ. സിജോ ആൽപ്പാറയിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ഷൈല തോമസ് അഗാപ്പെ സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ സി. ജോയ്സി എസ്.വി.എം, സി.ബി.ആർ സ്റ്റാഫ് അംഗം ജിനി ജേക്കബ് എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി. ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു

